എം.ജി.പി. പദ്ധതികൾ

2 [775] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.ജി.പി. ക്ക് കീഴിൽ എത്ര പദ്ധതികൾ നടപ്പിലാക്കുവാനാണ് സർക്കാർ നാളിതുവരെ അനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) അനുമതി നൽകിയ ഓരോ പദ്ധതിയുടെയും പേര്, ആരംഭിക്കേണ്ട മാസം, ആരംഭിച്ച മാസം, പൂർത്തിയാക്കേണ്ട മാസം, വകയിരുത്തിയ തുക, ചെലവഴിച്ച തുക, നിലവിലുള്ള സ്ഥിതി എന്നിവ വ്യക്തമാക്കുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

മുൻ മന്ത്രിമാർക്ക് അംഗരക്ഷകർ

3 [776] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻമന്ത്രിമാർക്ക് അംഗരക്ഷകരെ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) നിലവിലുള്ള നിർദ്ദേശങ്ങളും പരിതഃസ്ഥിതികളും കണക്കിലെടുത്ത് താഴെ പറയുന്ന മുൻമന്ത്രിമാർക്ക് അംഗരക്ഷകരെ പോലീസ് വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. സുധാകരൻ
,, റ്റി. എം. ജേക്കബ്ബ്
,, കടവൂർ ശിവദാസൻ
,, പി. ശങ്കരൻ
ഡോ. എം. എ. കുട്ടപ്പൻ
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി.

LIBRARY ARCHIVES Kerala Legislative Assembly